(5) ചാത്തന്നൂർ താലൂക്ക് രൂപീകരണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2001-ലെ തെരഞ്ഞെടുപ്പുകാലം മുതൽ എന്നെ അലട്ടുന്ന പ്രശ്നമാണ് ചാത്തന്നൂർ താലൂക്ക് രൂപീകരണം. അന്നത്തെ ചുവരെഴുത്ത് തന്നെ ചാത്തന്നൂർ താലൂക്ക് രൂപീകരിച്ച ഇടതുമുന്നണി സ്ഥാനാർത്ഥിക്ക് വോട്ട് നൽകണമെന്നാണ്. പതിനൊന്നാം കേരള നിയമസഭ വന്നതിനുശേഷം ഈ സഭയിൽ ആദ്യമായി റവന്യൂ വകുപ്പുമന്ത്രി മറുപടി പറയേണ്ട ദിവസം തന്നെ ഒരു ചോദ്യം ചോദിച്ചതാണ്. അന്ന് കിട്ടിയ മറുപടി പത്താം നിയമസഭയുടെ ഏറ്റവും അവസാന സമ്മേളന ദിവസം അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ റൂൾ 300 പ്രകാരം ഒരു പ്രസ്താവന നടത്തി. പതിനാറ് താലൂക്കുകളും വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന ഒരു വിവരം നൽകുക മാത്രമാണ് ചെയ്തത്. എന്നാൽ പിന്നീട് ഇവിടെ ഇതുസംബന്ധിച്ച് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി പുതുതായി പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. അടുത്ത ദിവസങ്ങളിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കൊല്ലം ജില്ലയിൽ തന്നെ പത്തനാപുരത്തും മറ്റും വന്നപ്പോൾ ഇതു സംബന്ധിച്ച് ചില പ്രഖ്യാപനങ്ങളും നടത്തി. അതിന്റെ വെളിച്ചത്തിൽ കൊല്ലം താലൂക്കിന്റെ തെക്കൻ പ്രദേശങ്ങൾ എന്റെ മണ്ഡലത്തിൽ തന്നെ 11 വില്ലേജുകളാണുള്ളത്. സമീപത്തുള്ള നാലഞ്ചു വില്ലേജുകൾ കൂട്ടിച്ചേർത്ത് ചാത്തന്നൂർ ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിച്ച് ജനങ്ങളുടെ ഒരു ചിരകാലാഭിലാഷം നിറവേറ്റിത്തരുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ചാത്തന്നൂർ കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ഗൗരവമായിട്ട് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. താലൂക്ക് പുനഃസംഘടനയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തരുന്നതിന് റവന്യൂ സെക്രട്ടറി ശ്രീ. സുന്ദരേശനെ ഒരു കമ്മീഷനായി നിയമിച്ചിരുന്നു. പഠനം കുറെയൊക്കെ നടത്തി. റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പായി അദ്ദേഹം കേന്ദ്രത്തിൽ ഡെപ്യൂട്ടേഷനിൽ സ്ഥലം മാറിപ്പോയി. ഒരു പുതിയ റവന്യൂ സെക്രട്ടറിയെ നിയമിച്ചിരിക്കുകയാണ്. പുതിയ കമ്മീഷനെ നിയമിക്കേണ്ടിയിരിക്കുന്നു. ആ കമ്മീഷൻ റിപ്പോർട്ട് നൽകിക്കഴിഞ്ഞാൽ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണിക്കുന്നതാണ്.

മി. ചെയർമാൻ: ഒരു താലൂക്ക് മാത്രമല്ല പല താലൂക്കുകളും ആവശ്യപ്പെട്ടിട്ടുണ്ട്. കായംകുളം താലൂക്കിന്റെയും ഒരു നിർദ്ദേശമുണ്ട്.

ശ്രീ. കെ. എം. മാണി: ചെയറിൽനിന്ന് പറഞ്ഞ കാര്യം എന്റെ മനസ്സിലുണ്ട്. കേരളത്തിൽ പല താലൂക്കുകളും വിഭജിച്ച് പുതിയ താലൂക്കുകൾ ഉണ്ടാക്കേണ്ടത് ആവശ്യമാണെന്നും ഗവൺമെന്റിന് അഭിപ്രായമുണ്ട്. എന്തായാലും ഈ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യങ്ങളിലെ നടപടികളിലേക്ക് കടക്കാം. അതുകൊണ്ട് ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം തുറന്ന മനസ്സോടുകൂടി ഗവൺമെന്റ് പരിശോധിക്കുമെന്ന് വ്യക്തമാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly